## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1582 15-02-2016 ൽ മറുപടിയ്ക്ക്

## പോളച്ചിറ ഏലായിൽ പുഞ്ചകൃഷി

**ചോദ്യം**
ശ്രീ. ജി. എസ്. ജയലാൽ

**മറുപടി**
ശ്രീ. കെ. പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പോളച്ചിറ ഏലായിൽ പുഞ്ചകൃഷിക്ക് യോഗ്യമായ എത്ര ഏക്കർ ഭൂമി ഉണ്ടെന്ന് കൃഷി വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ എന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. കൃഷിഭവൻ അടിസ്ഥാനരേഖ രജിസ്റ്റർ പ്രകാരം പോളച്ചിറ ഏലായിൽ 1000 ഏക്കർ സ്ഥലമുള്ളതിൽ 500 ഏക്കർ സ്ഥലം പുഞ്ച നെൽകൃഷി ചെയ്യുന്നതിന് അനുയോജ്യമാണ്. |
| (ബി) | പ്രസ്തുത ഭൂമി എത്ര കൃഷിക്കാരുടെ കൈവശമാണെന്നും, കൃഷി നടപ്പിലാക്കുമ്പോൾ എത്ര കൃഷിക്കാർവരെ കൃഷിക്ക് താല്പര്യം കാണിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | പോളച്ചിറ ഏലായിൽ ഉള്ള ഭൂമി ഏകദേശം 400 ഓളം കർഷകരുടെ കൈവശത്തിലാണ്. അതിൽ 200 ഓളം കർഷകർ പുഞ്ച നെൽകൃഷി ചെയ്യുന്നതിന് താൽപര്യം പ്രകടിപ്പിക്കുന്നുണ്ട്. |
| (സി) | 2015-2016 വർഷം പ്രസ്തുത ഏലായിൽ പുഞ്ചകൃഷി നടത്തുന്നതിലേക്കായി ത്രിതല പഞ്ചായത്തും, കൃഷിവകുപ്പും ചേർന്ന് പദ്ധതി ആസൂത്രണം ചെയ്തിരുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) | ഇല്ല. |
| (ഡി) | പ്രസ്തുത പുഞ്ചകൃഷി ആരംഭിക്കുന്നതിലേക്കായി തടസ്സങ്ങൾ വല്ലതും ഉണ്ടായിരുന്നോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേക്കായി എന്ത് നടപടികളാണ് അധികൃതർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ഡി) | പുഞ്ച കൃഷി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് തലത്തിൽ കർഷകരുടെ ഒരു യോഗം വിളിക്കുകയും ആയത് പ്രകാരം നടത്തിയ ചർച്ചയിൽ നബാർഡ് പദ്ധതി പൂർത്തീകരിക്കാതെ പുഞ്ച കൃഷി ചെയ്യുന്നത് കൃഷിക്ക് അനുകൂലമായിരിക്കില്ലാ എന്ന് പൊതുവെ കർഷകർ അഭിപ്രായപ്പെട്ടു. നബാർഡ് പദ്ധതി യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നത് പുഞ്ച കൃഷിക്ക് തടസ്സമായിട്ടുണ്ട്. |
| (ഇ) | പോളച്ചിറ ഏലായിൽ പുഞ്ചകൃഷി ലാഭകരമായി നടത്താമെന്ന് കൃഷി | (ഇ) | 2013 വർഷത്തിലെ പുഞ്ച നെൽകൃഷി ചെയ്തപ്പോൾ ഉൽപ്പാദിപ്പിച്ച 320 ടൺ നെല്ലിന് |

| | | | |
|---|---|---|---|
| | വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | | അന്നത്തെ വിലയായ കിലോയ്ക്ക് 16/- രൂപ പ്രകാരം 51,20,000 രൂപ ആദായമുണ്ടായിരുന്നു. കൂടാതെ മത്സ്യം ലേലം ചെയ്തത് പ്രകാരവും വരുമാനമുണ്ടായിട്ടുണ്ട്. ഉൽപ്പാദന ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ പുഞ്ച കൃഷി വളരെ ലാഭകരമായിരുന്നു. |

സെക്ഷൻ ഓഫീസർ